# യൂണിറ്റ് : 15
# ഓർഗാനിക് സംയുക്തങ്ങൾ രാസപ്രവർത്തനങ്ങൾ

**ആശയം** : ആദേശരാസപ്രവർത്തനം, അഡീഷൻ രാസപ്രവർത്തനം

1. താഴെ കൊടുത്തിരിക്കുന്ന സമവാക്യങ്ങൾ പരിശോധിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

I $CH_2 = CH_2 + H_2 \xrightarrow{\text{ഉൽപ്രേരകം}}$ ......(a)......

II ....(a).... $+ Cl_2 \xrightarrow{\text{സൂര്യപ്രകാശം}}$ ....(b).... + ....HCl....

(i) a, b ഇവ എന്തെന്ന് രേഖപ്പെടുത്തുക. (2)

(ii) ഓരോന്നും ഏതുതരം രാസപ്രവർത്തനമെന്ന് എഴുതുക. (2)

**സ്കോർ (4) സമയം (5 മിനിട്ട്)**

---

**ആശയം** : അഡീഷൻ രാസപ്രവർത്തനം, ജ്വലനം, ആദേശരാസപ്രവർത്തനം

2. ചില ഹൈഡ്രോ കാർബണുകൾ താഴെ കൊടുത്തിരിക്കുന്നു.

$CH_4$, $C_4 H_{10}$, $C_3 H_6$, $C_6 H_{14}$

(a) അഡീഷൻ പ്രവർത്തനത്തിന് വിധേയമാകുന്ന സംയുക്തം ഏത്? (1)

(b) രാസപ്രവർത്തനം പൂർത്തിയാക്കുക.

(i) $CH_4 + O_2 \rightarrow$ ............. + ............. (1)

(ii) $C_4H_{10} + Cl_2 \rightarrow$ ............. + ............. (1)

**സ്കോർ (3) സമയം (4 മിനിട്ട്)**

---

**ആശയം** : അഡീഷൻ രാസപ്രവർത്തനം - പോളിമറൈസേഷൻ

3.

............

I $CH \equiv CH + Cl_2 \rightarrow$ ....p....

II $n\,CH_2 = \underset{\displaystyle Cl}{\underset{|}{CH}} \rightarrow$ ....q....

(a) p, q എന്നിവ എന്തെന്ന് രേഖപ്പെടുത്തുക. (2)

(b) ഓരോന്നും ഏതുതരം രസപ്രവർത്തനമാണെന്ന് എഴുതുക. (2)

**സ്കോർ (4) സമയം (5 മിനിട്ട്)**

---

**ആശയം** : എസ്റ്ററുകൾ

4. ചുവടെ കൊടുത്തിരിക്കുന്ന സംയുക്തങ്ങൾ പരിശോധിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

| |
|---|
| $CH_3 - CHO$ |
| $CH_3 - OH$ |
| $CH_3 - O - CH_3$ |
| $CH_3 - COOH$ |
| $CH_3 - COO - CH_3$ |

(a) എസ്റ്റർ നിർമിക്കുന്നതിനാവശ്യമായ രാസവസ്തുക്കൾ ഏതെല്ലാം? (1)

(b) ഈ രാസപ്രവർത്തനത്തെ സൂചിപ്പിക്കുന്ന രാസസമവാക്യം എഴുതുക. (1)

(c) എസ്റ്ററിന്റെ 2 ഉപയോഗങ്ങൾ എഴുതുക. (1)

**സ്കോർ (3) സമയം (4 മിനിട്ട്)**

**ആശയം** : എഥനോൾ

5. താഴെ കൊടുത്തിരിക്കുന്ന സമവാക്യം പൂർത്തിയാക്കി ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

I $C_{12}H_{22}O_{11} + H_2O \xrightarrow{a} C_6H_{12}O_6 + \underline{\quad b \quad}$

II $C_6H_{12}O_6 \xrightarrow{\text{സൈമേസ്}} 2\,C_2H_5OH + \underline{\quad c \quad}$

(i) a, b, c ഇവ എന്തെന്ന് രേഖപ്പെടുത്തുക. (3)

(ii) വ്യവസായിക പ്രാധാന്യമുള്ള ഏത് ഉല്പന്നമാണ് മുകളിൽ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങളുടെ ഫലമായി നിർമിക്കുന്നത്? (1)

**സ്കോർ (4) സമയം (5 മിനിട്ട്)**

---

**ആശയം** : എഥനോൾ

6. 8 - 10% ആൾക്കഹോൾ നിർമിക്കുന്ന പ്രവർത്തനത്തിന്റെ സമവാക്യങ്ങൾ നൽകിയിരിക്കുന്നു.

I $C_{12}H_{22}O_{11} + H_2O \xrightarrow{\text{ഇൻവർടേസ്}} C_6H_{12}O_6 + C_6H_{12}O_6$

II $C_6H_{12}O_6 \xrightarrow{\text{സൈമേസ്}} 2\,C_2H_5OH + 2CO_2$

(a) പ്രവർത്തനഫലമായി കിട്ടുന്ന ആൾക്കഹോളിനെ പൊതുവെ എന്തുപേരിൽ അറിയപ്പെടുന്നു? (1)

(b) ഇതിനെ റെക്ടിഫൈഡ് സ്പിരിറ്റാക്കി മാറ്റുന്നതെങ്ങനെ? (1)

(c) മെഥിലേറ്റഡ് സ്പിരിറ്റ് എന്നതുകൊണ്ട് അർഥമാക്കുന്നതെന്ത്? (1)

(d) പവർ ആൾക്കഹോൾ നിർമിക്കുന്നതെങ്ങനെ? (1)

**സ്കോർ (4) സമയം (5 മിനിട്ട്)**

---

**ആശയം** : താപീയവിഘടനം, ആദേശരാസപ്രവർത്തനം, അഡീഷൻ രാസപ്രവർത്തനം

7. താഴെ കൊടുത്തിരിക്കുന്ന രാസപ്രവർത്തനങ്ങൾ പരിശോധിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

I $CH_3 - CH_2 - CH_3 \xrightarrow{\text{താപീയവിഘടനം}} CH_4 + \underline{\ A\ }$

II $\underline{\ A\ } + H_2 \rightarrow \underline{\ B\ }$

III $\underline{\ B\ } + Cl_2 \rightarrow \underline{\ C\ } + HCl$

(a) A, B, C ഇവ എന്തെന്ന് എഴുതുക. (3)

(b) II ഉം III രാസപ്രവർത്തനങ്ങൾ ഏത് പേരിലറിയപ്പെടുന്നു എന്ന് എഴുതുക. (2)

**സ്കോർ (5) സമയം (6 മിനിട്ട്)**

---

**ആശയം** : എഥനോയിക് ആസിഡ്

8. രണ്ട് രാസപ്രവർത്തന സമവാക്യങ്ങൾ നൽകിയിരിക്കുന്നു.

I $2\,CH_3COOH + Na_2CO_3 \rightarrow 2\,CH_3COONa + H_2O + CO_2$

II $CH_3COOH + NaHCO_3 \rightarrow CH_3COONa + H_2O + CO_2$

(a) ഇവയിൽ വാഷിങ് സോഡയും ബേക്കിങ് സോഡയും ഏതൊക്കെ? (2)

(b) ഉണ്ടാകുന്ന വാതകം ഏത്? ഈ രാസപ്രവർത്തനം പ്രയോജനപ്പെടുത്തിയിരിക്കുന്ന ഉപകരണം ഏത്? (2)

**സ്കോർ (4) സമയം (4 മിനിട്ട്)**

---

**ആശയം** : എസ്റ്റർ

9. $CH_3 - COOH + CH_3 - CH_2 - OH \rightarrow CH_3 - COO - CH_2 - CH_3 + H_2O$

(a) മുകളിൽ കൊടുത്തിരിക്കുന്ന രാസപ്രവർത്തനത്തിൽ ഉണ്ടാകുന്ന ഓർഗാനിക് സംയുക്തത്തിന്റെ IUPAC നാമം എന്ത്? പൊതുവായ പേര് എന്ത്? (2)

(b) ഇത്തരം പ്രവർത്തനങ്ങൾ എന്ത് പേരിൽ അറിയപ്പെടുന്നു? (1)

**സ്കോർ (3) സമയം (4 മിനിട്ട്)**

---

**ആശയം** : സോപ്പ് - ഡിറ്റർജന്റുകൾ

10. A കോളത്തിൽ നൽകിയിട്ടുള്ളവയ്ക്ക് അനുയോജ്യമായവ B കോളത്തിൽനിന്നും തെരഞ്ഞെടുത്തെഴുതുക.

| A | B |
|---|---|
| ഫാറ്റി ആസിഡ് | സൾഫോണിക്കാസിഡിന്റെ ലവണം |
| എസ്റ്റർ | സോഡിയം സ്റ്റിയറേറ്റ് |
| സോപ്പ് | ഒലീക്ക് ആസിഡ് |
| ഡിറ്റർജന്റുകൾ | ഈഥൈൽ എഥനോയേറ്റ് |

**സ്കോർ (2) സമയം (4 മിനിട്ട്)**

---

**ആശയം** : സോപ്പ് - ഡിറ്റർജന്റുകൾ

11. താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ സോപ്പ്, ഡിറ്റർജന്റ് എന്നിവയ്ക്ക് അനുയോജ്യമായവ കണ്ടെത്തുക.

(a) സൾഫോണിക് ആസിഡിന്റെ ലവണം
(b) ഫാറ്റി ആസിഡുകളുടെ ലവണം
(c) കഠിനജലത്തിൽ നന്നായി പതയുന്നില്ല
(d) കഠിനജലത്തിലും നന്നായി പതയുന്നു

**സ്കോർ (2) സമയം (4 മിനിട്ട്)**

---

**ആശയം** : സോപ്പ് - ഡിറ്റർജന്റുകൾ

12. ഒരു കുട്ടി ശേഖരിച്ച സാമ്പിൾ ജലത്തിന് കാഠിന്യമുണ്ടോയെന്ന് പരിശോധിച്ചറിയാൻ ഒരു പരീക്ഷണം ആസൂത്രണം ചെയ്യുക.

**സ്കോർ (2) സമയം (4 മിനിട്ട്)**

---

**ആശയം** : വലയസംയുക്തങ്ങൾ

13. ചില ആരോമാറ്റിക് സംയുക്തങ്ങളുടെ ഘടനാവാക്യം നൽകിയിരിക്കുന്നു. സംയുക്തം ഓരോന്നും ഏതെന്ന് ചതുരത്തിൽ കൊടുത്തിരിക്കുന്നവയിൽ നിന്ന് കണ്ടെത്തി എഴുതുക.

(a)



(b)



(c)


| |
|---|
| ഫിനോൾ |
| ബെൻസീൻ |
| നൈട്രോബെൻസീൻ |
| ബെൻസോയിക് ആസിഡ് |
| അനിലിൻ |

**സ്കോർ (3) സമയം (4 മിനിട്ട്)**

---

**ആശയം** : ആലിസൈക്ലിക്ക് സംയുക്തങ്ങൾ, അരോമാറ്റിക് സംയുക്തങ്ങൾ

14. രണ്ട് ഓർഗാനിക് സംയുക്തങ്ങളുടെ ഘടനാവാക്യം തന്നിരിക്കുന്നു. അവ പരിശോധിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.



A



B

(a) A, B എന്നീ സംയുക്തങ്ങളുടെ തന്മാത്രാവാക്യം എഴുതുക. (1)

(b) സംയുക്തങ്ങൾ ഓരോന്നും ഏത് വിഭാഗത്തിൽ ഉൾപ്പെടുന്നു. (1)

(c) സംയുക്തങ്ങളുടെ ഘടനാവാക്യങ്ങൾ തമ്മിലുള്ള 2 വ്യത്യാസങ്ങൾ എഴുതുക. (2)

**സ്കോർ (4) സമയം (5 മിനിട്ട്)**

**ആശയം** : അരോമാറ്റിക് സംയുക്തങ്ങൾ

15. ഒരു കുട്ടി ബെൻസിന്റെ ഘടന വരച്ചത് താഴെ കൊടുത്തിരിക്കുന്നു. ഘടന തെറ്റെങ്കിൽ ശരിയായി വരയ്ക്കുക.



**സ്കോർ (2) സമയം (4 മിനിട്ട്)**

**ആശയം** : എഥനോയിക് ആസിഡ്

16. ശാസ്ത്രമേളയിൽ നടത്തിയ ഒരു ലഘുപരീക്ഷണം ശ്രദ്ധിക്കുക. ഒരു ബീക്കറിനുള്ളിൽ ഒരു മെഴുകുതിരി ഉറപ്പിച്ച് വെച്ച് കത്തിച്ചു. ബീക്കറിൽ അല്പം വിനാഗിരി എടുത്ത് അതിലേക്ക് അപ്പക്കാരം ചേർത്തു. അല്പസമയത്തിനുള്ളിൽ മെഴുകുതിരി അണഞ്ഞു.

(a) ഈ പ്രവർത്തനത്തിൽ മെഴുകുതിരി അണയാൻ കാരണമായ വാതകമേത്? (1)

(b) ഇവിടെ നടന്ന പ്രവർത്തസമവാക്യം പൂർത്തീകരിക്കുക.

$CH_3COOH$ + $NaHCO_3$ → ................ + ................ + ................ (2)

വിനാഗിരി    അപ്പക്കാരം

**സ്കോർ (3) സമയം (3 മിനിട്ട്)**

---

**ആശയം** : എസ്റ്ററുകൾ

17. (a) ഈഥൈൽ എഥനോയേറ്റ് നിർമിക്കുന്നതിന് ആവശ്യമായ ഓർഗാനിക് ആസിഡും ആൽക്കഹോളും ഏതാണ്? (1)

(b) പ്രവർത്തനത്തിന്റെ സമവാക്യം എഴുതുക. (1)

**സ്കോർ (2) സമയം (3 മിനിട്ട്)**

---

**ആശയം** : ഓർഗാനിക് സംയുക്തങ്ങൾ : രാസപ്രവർത്തനങ്ങൾ

18. താഴെ കൊടുത്തിരിക്കുന്ന ഡയഗ്രത്തിൽ വിട്ടുപോയ ഭാഗം ഉചിതമായി പൂരിപ്പിക്കുക.




**സ്കോർ (4) സമയം (5 മിനിട്ട്)**

---

**ആശയം** : ഓർഗാനിക് സംയുക്തങ്ങളുടെ വിവിധ രാസപ്രവർത്തനങ്ങൾ

19. ഉചിതമായ രീതിയിൽ ചേർത്തെഴുതുക.

| അഭികാരകങ്ങൾ | ഉല്പന്നങ്ങൾ | രാസപ്രവർത്തനത്തിന്റെ പേര് |
|---|---|---|
| a. $CH_4 + Cl_2$ | $CO_2 + H_2O$ | അഡീഷൻ പ്രവർത്തനം |
| b. $C_3H_8 + O_2$ | $C_2H_4 + CH_4$ | ആദേശ രാസപ്രവർത്തനം |
| c. $CH_2 = CH_2 + H_2$ | $CH_3Cl + HCl$ | താപീയ വിഘടനം |
| d. $CH_3 - CH_2 - CH_3$ + താപം | $CH_3 - CH_3$ | ജ്വലനം |

**സ്കോർ (4) സമയം (5 മിനിട്ട്)**

---

**ആശയം :** ഓർഗാനിക് സംയുക്തങ്ങളുടെ വിവിധ രാസപ്രവർത്തനങ്ങൾ

20. താഴെ കൊടുത്തിരിക്കുന്നവയിൽ അഡിഷൻ, ആദേശം, താപീയ വിഘടനം എന്നീ പ്രവർത്തനങ്ങൾക്ക് വിധേയമാകുന്നവ തെരഞ്ഞെടുത്തെഴുതുക.

(a) $CH_3 - CH_2 - CH_3$ (1)

(b) $CH_2 = CH_2$ (1)

(c) $CH_4$ (1)

**സ്കോർ (3) സമയം (3 മിനിട്ട്)**

---

**ആശയം :** ഫെർമെന്റേഷൻ

21. പഞ്ചസാര ലായനിയിൽ യീസ്റ്റ് ചേർത്ത് വച്ചാൽ രണ്ടു ദിവസം കഴിഞ്ഞ് മിശ്രിതത്തിൽ നിന്നും വാതക കുമിളകൾ ഉണ്ടാകുന്നത് ശ്രദ്ധിച്ചിരിക്കുമല്ലോ?

(a) ഈ വാതകം ഏതാണ്? (1)

(b) ഇവിടെ നടക്കുന്ന പ്രവർത്തനം ഏത് പേരിലറിയപ്പെടുന്നു. (1)

**സ്കോർ (2) സമയം (2 മിനിട്ട്)**

---

**ആശയം :** ഓർഗാനിക് സംയുക്തങ്ങളുടെ ഘടനാവാക്യം, അഡീഷൻ രാസപ്രവർത്തനം.

22. ഈഥീൻ എന്ന സംയുക്തത്തിന്റെ രാസസൂത്രം $C_2 H_4$ എന്നാണ്.

(a) ഇതിന്റെ ഘടനാവാക്യം എഴുതുക. (1)

(b) ഇതിൽനിന്നും ഈഥെയ്ൻ ($C_2 H_6$) നിർമിക്കുന്നതിനുള്ള രാസസമവാക്യം പൂരിപ്പിക്കുക.

(i) $C_2 H_4 + \text{.............} \rightarrow C_2 H_6$ (1)

(ii) ഇത് ഏത് തരം രാസപ്രവർത്തനമാണ്? (1)

(iii) ഇവിടെ കാർബൺ ബന്ധനത്തിന് എന്ത് സംഭവിക്കുന്നു? (1)

**സ്കോർ (4) സമയം (4 മിനിട്ട്)**

---

**ആശയം :** ഓർഗാനിക് സംയുക്തങ്ങളുടെ അഡീഷൻ രാസപ്രവർത്തനം.

23. $CH \equiv CH + H_2 \rightarrow \underline{\quad A \quad} + H_2 \rightarrow \underline{\quad B \quad}$

(a) ഇത് ഏത് തരം രാസപ്രവർത്തനമാണ്? (1)

(b) A, B ഇവ എഴുതുക. (2)

**സ്കോർ (3) സമയം (3 മിനിട്ട്)**

---

**ആശയം :** ജ്വലനം

24. വായുവിന്റെ സാന്നിദ്ധ്യത്തിൽ ഹൈഡ്രോ കാർബൺ ചൂടാക്കുന്ന പ്രവർത്തനമാണ് ജ്വലനം.

താഴെ കൊടുത്തിരിക്കുന്ന രാസസമവാക്യങ്ങൾ പൂർത്തീകരിക്കുക.

$CH_4 + 2O_2 \rightarrow \underline{\quad A \quad} + 2H_2O$

$\underline{\quad B \quad} + 5O_2 \rightarrow 3\,CO_2 + 4H_2O$

A, B ഇവ ഏതെന്ന് എഴുതുക.

**സ്കോർ (2) സമയം (2 മിനിട്ട്)**

---

**ആശയം** : അരോമാറ്റിക് സംയുക്തങ്ങൾ

25. താഴെ കൊടുത്തിരിക്കുന്ന സംയുക്തങ്ങളുടെ ഘടനാവാക്യം പരിശോധിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.




(A) (B) (C)

(a) A, B എന്നീ സംയുക്തങ്ങളിലെ ഫങ്ഷണൽ ഗ്രൂപ്പുകളുടെ പേരെഴുതുക. (1)

(b) സംയുക്തം 'C' നിർമിക്കുന്നതിനാവശ്യമായ അരോമാറ്റിക്ക് സംയുക്തം ഏത്? (1)

(c) 'B' എന്ന സംയുക്തത്തിന്റെ ഘടന കാർബൺ ഹൈഡ്രജൻ എന്നീ അറ്റങ്ങൾ കൂടി ഉൾപ്പെടുത്തി വരയ്ക്കുക. (2)

**സ്കോർ (4) സമയം (5 മിനിട്ട്)**